LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. ശ്രീ. അടൂർ പ്രകാശ് (ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി) : 1. (വി.സി. 2/2008/എൻ.ആർ.കെ.)

2. ശ്രീ. പി. ജെ. ജോസഫ് (ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി) : 3. (വി.സി 5/12/ഇ.ആർ.കെ., വി.സി.6/12/ഇ.ആർ.കെ., വി.സി. 7/13/ടി.എസ്.ആർ.)

3. ഡോ. എം. കെ. മുനീർ (ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) : 1. (വി.സി. 1/09/എസ്.ഐ.യു.1)

(ബി) പിൻവലിച്ചിട്ടില്ല. :

(സി) ശ്രീ. അടൂർപ്രകാശ് :

വി.ഇ. 9/07/എൻ.ആർ.കെ. അന്വേഷണത്തെ തുടർന്ന് ആണ് വി.സി 2/08/ എൻ.ആർ.കെ. എന്ന കേസ് രജിസ്റ്റർ ചെയ്തത്.

ശ്രീ. പി. ജെ. ജോസഫ് :

വി.ഇ. 1/08/ഇ.ആർ.കെ.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കോട്ടയം എൻക്വയറി കമ്മിഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയുടെ നിർദ്ദേശത്തെ തുടർന്ന് ആണ് വി.സി ബി 5/12/ഇ.ആർ.കെ, 6/12/ഇ.ആർ.കെ. എന്നിവ രജിസ്റ്റർ ചെയ്തത്. വി.സി 7/13/ടി.എസ്.ആർ. എന്ന കേസ് തൃശ്ശൂർ എൻക്വയറി കമ്മിഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയുടെ നിർദ്ദേശത്തെ തുടർന്നാണ് രജിസ്റ്റർ ചെയ്തത്.

ഡോ. എം. കെ. മുനീർ :

വി.ഇ. 4/08/എസ്.ഐ.യു-1 എന്ന വിജിലൻസ് അന്വേഷണത്തിൽ നിന്നാണ് വി.സി 1/09/എസ്.ഐ.യു.-1 എന്ന കേസ് രജിസ്റ്റർ ചെയ്തത്.

ജയിൽ ചപ്പാത്തിയും കോഴിക്കറിയും വിൽപ്പന

277 (2152) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ തടവുകാർ ഉണ്ടാക്കി പൊതുജനങ്ങൾക്കു വിൽക്കുന്ന ചപ്പാത്തിയും കോഴിക്കറിയും വിൽപ്പനയിലൂടെ സർക്കാരിന് ഉണ്ടായ ലാഭം എത്രയാണെന്ന് പറയാമോ ; ഇതിന്റെ വില്പന കൂടുതൽ തലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനം ഉണ്ടോ ;

(ബി) എല്ലാ ജില്ലകളിലെയും പ്രധാന കേന്ദ്രങ്ങളിലെ തടവുകാരുണ്ടാക്കുന്ന ചപ്പാത്തിയും ചിക്കൻ കറിയും മിതമായ നിരക്കിൽ വിതരണം ചെയ്ത് അന്യായമായി ഭക്ഷണ സാധനങ്ങൾക്ക് വില ഈടാക്കുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവണത അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ചപ്പാത്തിയും ചിക്കൻകറിയും വിൽക്കുന്നതിലൂടെ ജയിലിനും സർക്കാരിനും കൂടുതൽ സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ജയിൽ തടവുകാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അവരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും ഈ ലാഭത്തിന്റെ ഒരു വിഹിതം വിനിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നാളിതുവരെ 10,48,07,210 രൂപ (പത്തു കോടി നാല്പത്തെട്ട് ലക്ഷത്തി ഏഴായിരത്തി ഇരുന്നൂറ്റി പത്ത് രൂപ മാത്രം) ലാഭം ഉണ്ടായി. വില്പന വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ജയിലുകളിൽ ചപ്പാത്തി യൂണിറ്റിൽ ജോലി നോക്കുന്ന തടവുകാർക്ക് മറ്റു യൂണിറ്റുകളിൽ ജോലി നോക്കുന്ന സഹതടവുകാർക്ക് അനുവദിച്ചിട്ടുള്ള വേതനത്തെക്കാൾ ഉയർന്ന നിരക്കിലുള്ള പ്രതിദിന വേതനമായ 117 രൂപ (നൂറ്റി പതിനേഴ് രൂപ മാത്രം) അനുവദിച്ചു വരുന്നു. 'തടവുകാരുടെ ക്ഷേമം' 'ജയിലുകളുടെ നവീകരണം' എന്നീ പദ്ധതികളിലുൾപ്പെടുത്തി ജയിലിൽ തടവുകാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ജയിൽ വരുമാനത്തിൽ വർദ്ധനവ്

278 (2153) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഭക്ഷണ സാധനങ്ങൾ ഉൾപ്പെടെയുള്ള ജയിൽ ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ജയിൽ വരുമാനത്തിൽ നാളിതുവരെ ഉണ്ടായ പുരോഗതി വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വരുമാന വർദ്ധനവിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) വരുമാന വർദ്ധനവിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ജയിലുകളിൽ ഒരുക്കിയിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly